## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3047 — 21/6/2013 ൽ മറുപടിയ്ക്ക്

## കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ലൂഡി ലൂയിസ്<br>,, ജോസഫ് വാഴക്കൻ<br>,, ആർ. സെൽവരാജ്<br>,, ബെന്നി ബെഹനാൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. സംസ്ഥാനത്ത് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് നൽകാൻ സോയിൽ ബേസ്ഡ് ന്യൂട്രിയന്റ് മാനേജ്മെന്റ് പ്ലാൻ എന്ന പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതു കൂടാതെ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പും കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്തു വരുന്നു. ഇതിനായി പ്രത്യേക പദ്ധതികളൊന്നും മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് രൂപീകരിച്ചിട്ടില്ല. |
| (ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) സോയിൽ ബേസ്ഡ് ന്യൂട്രിയന്റ് മാനേജ്മെന്റ് പ്ലാൻ എന്ന പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളുടേയും കോർപ്പറേഷനുകളുടേയും, മുൻസിപ്പാലിറ്റികളിലേയും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നു ആനുപാതികമായി മണ്ണ് സാമ്പിളുകൾ ശേഖരിച്ച് മണ്ണിലെ പ്രാഥമിക, ദ്വിതീയ, സൂക്ഷ്മ മൂലകങ്ങൾ പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡ് കർഷകർക്ക് നൽകി വരുന്നു. മണ്ണിലെ പോഷകങ്ങളുടെ തോത് അനുസരിച്ച് |

വിവിധ വിളകൾക്ക് ശുപാർശയും നൽകുന്നതാണ്. മണ്ണിലെ പോഷകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ മനസിലാക്കി വളപ്രയോഗം ചെയ്യുന്നതിനും മണ്ണിന്റെ ഘടന നിലനിർത്തി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, കൃഷിച്ചെലവ് കുറയ്ക്കുന്നതിനും ഇത് സഹായകരമാകും. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകൾക്കും ബ്ലോക്കുകൾക്കും, പഞ്ചായത്തുകൾക്കും മണ്ണ് അടിസ്ഥാനമാക്കി സ്ഥലപരമായ മൂലകപരിപാലന പ്ലാൻ തയ്യാറാക്കി നൽകുന്നു.

**(സി)** പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**(സി)** ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് മൊത്തമായി 187322 എണ്ണം മണ്ണ് സാമ്പിളുകൾ ശേഖരിക്കുകയും 140763 സാമ്പിളുകൾ പരിശോധന നടത്തുകയും 94046 എണ്ണം സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ മണ്ണ് പരിശോധന ലാബുകളിൽ മണ്ണ് സാമ്പിളുകൾ പരിശോധിക്കുകയും സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലകൾ കാമ്പയിനുകൾ നടത്തി മണ്ണ് പരിശോധിക്കുകയും ചെയ്ത് പരിശോധനഫലം കർഷകർക്ക് നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**